**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1693** **11-10-2024 - ൽ മറുപടിയ്ക്ക്**

**മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്തിന് പുറത്തു നിന്നും വിദേശത്തുനിന്നുമുള്ള വിദ്യാർത്ഥികളെ കേരളത്തിലേക്ക് ആകർഷിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ ഉൾപ്പെടുത്തി "സ്റ്റഡി ഇൻ കേരള" എന്ന പദ്ധതിയ്ക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്. അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ - ഹ്രസ്വ കാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലുണ്ട് .<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം .ആധുനിക കാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയുള്ള ജ്ഞാന സമ്പത് വ്യവസ്ഥയിലധിഷ്ഠിതമായ നവകേരള നിർമിതി കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത് .<br><br>വിദേശരാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുമുള്ള തരത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ |

| | | | |
|---|---|---|---|
| | | | കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത് അതുകൊണ്ട് തന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. |
| (ബി) | ഇതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | 20-04-2023 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 576/2023/ഉ.വി.വ., 23-08-2023 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1318/2023/ ഉ.വി.വ പ്രകാരവും KIIFB ഫണ്ടിന്റെ പിന്തുണയോടെ ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1. Thanu Padmanabhan Centre of Excellence in Astronomy and Astrophysics ( in the Campus of the University of Kerala)<br><br>2. Centre of Excellence in Neurodegeneration and Brain Health(in the campus of Cochin University of Science and Technology)<br><br>3. Centre of Excellence in Nanoscience & Nanotechnology ( in the Campus of Mahatma Gandhi University)<br><br>കൂടാതെ 22 -07 -2024 ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 897 /2024 /ഉ.വി.വ., പ്രകാരം ചുവടെ പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1.Centre of excellence for Teaching, Learning and Training<br><br>2.Kerala Institute for Science, Technology and Innovation (KISTI)<br><br>3.Kerala Institute of Advanced Studies (KIAS)<br><br>4.Kerala Network for Research-support in Higher Education (KNRSHE) |

| | | | |
|---|---|---|---|
| | | | 5.Centre for Indigenous Peoples Education (CIPE):<br><br>6.The Kerala Institute for Gender Equality (KIGE)<br><br>7.Kerala Language Network (KLN) |
| (സി) | വിദേശരാജ്യങ്ങളിലേക്ക് വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജിഗോപിനാഥ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3 അംഗ വിദഗ്ധസമിതി രൂപീകരിച്ചിരുന്നു .വിദഗ്ധസമിതിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേണിങ് ബോഡി യോഗം അംഗീകരിച്ച് സർക്കാരിന് സമർപ്പിച്ചിരുന്നു .ഇതിൽ തുടർനടപടി സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ